രാജ്യമെങ്ങും കണ്ണീരണിഞ്ഞ് ബിഗ് സല്യൂട്ട്...

ന്യൂഡൽഹി: പുൽവാമാഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച ജവാൻമാർക്ക് ജൻമനാടുകളിൽ വികാരനിർഭരമായ ചടങ്ങുകളിലാണ്ആദരാഞ്ജലി അർപ്പിച്ചത്. കേന്ദ്രമന്ത്രിമാരും മുഖ്യമന്ത്രിമാരും പങ്കെടുത്ത ചടങ്ങുകളിൽ വൻ ജനാവലിയും ജവാൻമാർക്ക്ബിഗ്സല്യൂട്ട്നൽകാനെത്തി. ഉറ്റവരുടെദുഃഖത്തിൽ രാജ്യം ഒന്നിച്ച് പങ്കുചേരുന്ന കാഴ്ചകളായിരുന്നു എങ്ങും. പലയിടത്തും പാകിസ്ഥാൻ വിരുദ്ധ മുദ്രാവാക്യങ്ങൾ ഉയർന്നു.

ആഗ്രയ്ക്കു സമീപം കരായ് ഗ്രാമത്തിൽ ഇന്നലെ രാവിലെ 9മണിക്കാണ് ജവാൻ കൗശൽ കുമാർ റാവത്തിന്റെമൃതദേഹം അടങ്ങിയ പേടകം എത്തിയത്. രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥരും നാട്ടുകാരും അടങ്ങിയ വൻ ജനാവലിയുടെ നേതൃത്വത്തിൽ വിലാപയാത്രയായാണ് മൃതദേഹം കൊണ്ടുപോയത്. റാവത്തിന്റെ മകൾ അപൂർവയെ ഏവരും സമാധാനിപ്പിക്കുന്നത് കാണാമായിരുന്നു.

ഡൽഹിക്ക് അടുത്തുള്ള കനൗജിൽ ജവാൻ പ്രദീപ് സിംഗ് യാദവിന്റെ മരണാനന്തര ചടങ്ങുകളും കണ്ണീരണിയിച്ചു. പിതാവിന്റെ ഭൗതിക ശരീരം കണ്ട് പത്തുവയസുള്ളമകൾസുപ്രിയബോധംകെട്ടുവീണു. മൂന്നുവയസുള്ളമറ്റൊരുമകൾസോണഒന്നുമറിയാതെ ഓടിക്കളിക്കുകയായിരുന്നു.

പുൽവാമയിലെ ഭീകരാക്രമണത്തിൽ വീരമൃത്യുവരിച്ച സൈനികൻ കൗശൽ കുമാർ റാവത്തിന്റെ മൃതദേഹം ജന്മനാടായ ആഗ്രയിലെത്തിച്ചപ്പോൾ

അഞ്ച് ജവാന്മാർ മരിച്ച രാജസ്ഥാനിലും അന്ത്യയാത്രകളിൽ നാട് തേങ്ങി. ജയ്പൂരിൽ റോഷി താഷ്‌ലാംബ, രാജ്സമന്തിൽ നാരായൺ ലാൽ, ഭരത്പൂരിൽ ജീത്‌റാം, ധോൽപൂരിൽ ഭഗീരഥ് സിംഗ്എന്നിവരുടെ മൃതദേഹങ്ങളുമായുള്ള വിലാപയാത്രയിൽ ആയിരങ്ങൾ പങ്കെടുത്തു.

ഡെറാഡൂണിൽ മരിച്ച ജവാൻ മോഹൻലാലിന്റെ മരണാനന്തര ചടങ്ങുകളിൽഉത്തരാഖണ്ഡ്മുഖ്യമന്ത്രിത്രിവേന്ദ്രസിംഗ്പങ്കെടുത്തു. പൂർണ ഔദ്യോഗിക ബഹുമതികളോടെ ഗംഗയുടെ തീരത്താണ് ചടങ്ങുകൾ ഒരുക്കിയത്.

ഉത്തരാഖണ്ഡിലെ ഉധംസിംഗ് നഗർ ജില്ലയിൽ ജവാൻ വീരേന്ദ്ര സിംഗിന്റെ ചിതയ്ക്ക്മൂന്നുവയസുള്ള മകൻ തീ കൊളുത്തിയപ്പോൾ കണ്ണീരടക്കാൻബന്ധുക്കളും നാട്ടുകാരും പണിപ്പെട്ടു.

ഒഡീഷയിൽ നിന്നുള്ള പ്രസന്ന കുമാർ സാഹു, മനോജ് കുമാർ ബെഹേര എന്നീ ജവാൻമാരുടെ മൃതദേഹങ്ങൾ ഭുവനേശ്വർ ബിജു പട്നായിക് അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചപ്പോൾവൻജനാവലിയാണ്അന്തിമോപചാരമർപ്പിക്കാൻ എത്തിയത്. മഹാരാഷ്ട്രയിലെ ബുൽധാന ജില്ലയിൽ നിന്നുള്ള രണ്ടു ജവാൻമാരും കൊല്ലപ്പെട്ടിരുന്നു.

കർണാടകയിലെ മാണ്ഡ്യയിൽ നിന്നുള്ള എച്ച്.ഗുരുവിന്റെ സംസ്കാര ചടങ്ങുകളിൽ മുഖ്യമന്ത്രി എച്.ഡി. കുമാരസ്വാമി പങ്കെടുത്തു. തമിഴ്നാട്ടിലെ മധുരയിൽ നിന്നുള്ള ജി. സുബ്രഹ്മണ്യൻ, തൃച്ചിയിൽ സി. ശിവചന്ദ്രൻ എന്നിവരുടെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കാൻകേന്ദ്രമന്ത്രി നിർമ്മലാ സീതാരാമനും എത്തി.

പുൽവാമ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച ജവാൻ വി.വി.വസന്തകുമാറിന്റെ ഭൗതികശരീരം കോഴിക്കോട് വിമാനത്താവളത്തിൽ മന്ത്രി എ.കെ.ശശീന്ദ്രന്റെ നേതൃത്വത്തിൽ ഏറ്റുവാങ്ങുന്നു

വീരമൃത്യു വരിച്ച ജവാന് ഔദ്യോഗിക ബഹുമതി

മലപ്പുറം: പുൽവാമയിൽ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച സി. ആർ. പി. എഫ് ജവാൻ വി. വി. വസന്തകുമാറിന്റെ ഭൗതികശരീരം സംസ്ഥാന സർക്കാർ ഔദ്യോഗികബഹുമതികളോടെ ഏറ്റുവാങ്ങി.

എയർഫോഴ്സിന്റെ പ്രത്യേക വിമാനത്തിൽ സി.ആർ.പി.എഫ് ഉദ്യോഗസ്ഥരുടെ അകമ്പടിയോടെഇന്നലെഉച്ചയ്ക്ക്രണ്ടിന്കരിപ്പൂർ വിമാനത്താവളത്തിൽഎത്തിച്ചേർന്നഭൗതികശരീരംഎയർപോർട്ട് കവാടത്തിൽ നിന്ന് ജില്ലാകളക്ടർ അമിത്മീണ ഏറ്റുവാങ്ങി. തുടർന്ന് പ്രത്യേകം സജ്ജമാക്കിയ സ്ഥലത്തെപൊതുദർശനത്തിനുശേഷം ഗാർഡ് ഓഫ് ഓണർ നൽകി ആദരിച്ചു. കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം, മന്ത്രിമാരായ ഇ. പി.ജയരാജൻ, എ.കെ.ശശീന്ദ്രൻ, കെ. ടി. ജലീൽ തുടങ്ങിയവർ അന്ത്യോപചാരംഅർപ്പിച്ചു. സംസ്ഥാന സർക്കാരിനു വേണ്ടി മന്ത്രി ഇ. പി. ജയരാജൻപുഷ്പചക്രംസമർപ്പിച്ചു. ഗവർണർക്കുവേണ്ടിജില്ലാകളക്ടർ അമിത്മീണയും മുഖ്യമന്ത്രിക്ക് വേണ്ടി മന്ത്രി കെ.ശശീന്ദ്രനും കേന്ദ്രസർക്കാരിനുവേണ്ടിഅൽഫോൺസ് കണ്ണന്താനവും പുഷ്പചക്രം സമർപ്പിച്ചു. എം.പിമാരായ ഇ.ടി. മുഹമ്മദ്ബഷീർ, പി.വി. അബ്ദുൽ വഹാബ്, എം.എൽ.എമാരായ പി. അബ്ദുൽ ഹമീദ്, സി.കെ. ശശീന്ദ്രൻ, ഐ.സി. ബാലകൃഷ്ണൻ, ഷാഫി പറമ്പിൽ, വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ബി. നസീമ തുടങ്ങിയവരും അന്ത്യോപചാരമർപ്പിക്കാൻ എത്തിയിരുന്നു. തുടർന്ന് റോഡ് മാർഗം ജന്മനാടായ വയനാട്ടിലേക്ക് കൊണ്ടുപോയി.

കുഞ്ഞുങ്ങൾ അറിഞ്ഞത്, മൃതദേഹം എത്തിയപ്പോൾ

കോഴിക്കോട് മുതൽ വയനാടുവരെ ജനസഞ്ചയം

കൽപറ്റ: ചൂരം കയറി ലക്കിടിയിലെവാഴക്കണ്ടിവീട്ടിലാണ്ഭൗതികദേഹം ആദ്യംഎത്തിയത്. 10മിനിട്ട് അവിടെ പൊതുദർശനത്തിന്വച്ചു. ഈവീട്ടിൽനിന്നാണ്ജോലിക്കയറ്റംകിട്ടിയതിന്റെ സന്തോഷം പങ്കിട്ട് കഴിഞ്ഞ എട്ടാം തീയതിഅമ്മയോടും ഭാര്യയോടും മക്കളോടും യാത്ര പറഞ്ഞിറങ്ങിയത്. ഉറ്റവരെല്ലാം നിലവിട്ട് പൊട്ടിക്കരഞ്ഞു. കൂടെയെത്തിയ സൈനികർ വസന്തകുമാറിന്റെ വസ്തുങ്ങളും മറ്റും വീട്ടുകാർക്ക് കൈമാറുന്ന രംഗം ഹൃദയഭേദകമായിരുന്നു. കൂടിനിന്നവരെയെല്ലാംഈരംഗംകരയിച്ചു. കുഞ്ഞുങ്ങളായ അനാമികയോടും അമർദീപിനോടും അച്ഛൻ മരിച്ചുവെന്ന് ആരും അറിയിച്ചിരുന്നില്ല. അച്ഛന് ചെറിയ പരിക്ക് പറ്റിയെന്നും ഇവിടേക്ക് കൊണ്ടുവരുന്നുണ്ടെന്നും മാത്രമാണ് പറഞ്ഞിരുന്നത്. ദേശീയ പതാക പുതച്ച പെട്ടിയിൽ അച്ഛന്റെ മൃതദേഹമാണെന്ന്അപ്പോഴാണ്ആ കുഞ്ഞുങ്ങൾ അറിഞ്ഞത്.

പുൽവാമയിൽ വീരമൃത്യുവരിച്ച വസന്തകുമാറിന്റെ ഭൗതികശരീരം ഒരു നോക്ക് കാണാൻ കോഴിക്കോട്വിമാനത്താവളംമുതൽ വയനാട് തൃക്കൈപ്പറ്റവരെ ഇരുവശങ്ങളിലുംജനങ്ങൾവിങ്ങലോടെ നിരന്നുനിന്നു. വികാരഭരിതരായഅവർമുഷ്ടിചുരുട്ടിധീരയോദ്ധാവിന് യാത്രാമൊഴി നൽകി. നിറകണ്ണുകളോടെ സ്ത്രീകളുടെ വലിയൊരു നിര എങ്ങും കാണാമായിരുന്നു. മൃതദേഹം വഹിച്ചെത്തിയ സൈനിക വാഹനത്തിൻപലതരംപൂക്കളുംഹാരവുംവാരിയെറിഞ്ഞു. എന്നും ഗതാഗതക്കുരുക്ക് അനുഭവപ്പെടാറുള്ള വയനാടൻ ചുരത്തിൽയാതൊരുതടസവുംഇല്ലാതെസൈനികവാഹനം കടന്നുപോയി. സൈനിക വാഹനത്തിന് കടന്നുപോകാൻ പ്രത്യേക സൗകര്യം ഒരുക്കിയിരുന്നു.

ലക്കിടി സ്കൂൾ തേങ്ങി

കൽപറ്റ: വയനാടൻ ചുരത്തിന് മുകളിലുള്ള ലക്കിടി ഗവ. എൽ.പി സ്കൂളിലാണ് വസന്തകുമാർ നാലുവരെപഠിത്. അതിനുപരി ജീവിതത്തിന്റെ മുഴുവൻ സമയവും ചെലവഴിച്ചത്ഈഗ്രൗണ്ടിലാണ്. നല്ലൊരുഫുട്ബാൾ കളിക്കാരനായ വസന്തകുമാർ അവധിക്ക് വരുമ്പോഴൊക്കെ ഇവിടെ എത്തും. വലിയൊരു ചങ്ങാതിക്കൂട്ടം ഇവിടെയുണ്ടാവും. 18 വർഷം രാജ്യത്തിന്റെ അതിർത്തി കാക്കാൻ പോയപ്പോഴും ഈ ഗ്രൗണ്ടിനെ മറന്നില്ല. കഴിഞ്ഞ ദിവസം അവധിക്ക് വന്നപ്പോഴും വസന്തകുമാർ ഈ വിദ്യാലയത്തിലെത്തി. രണ്ട് വർഷം കൂടി കാത്തിരിക്കൂ. താൻ വന്നിട്ട് നമുക്ക്തകർക്കാംഎന്ന്സുഹൃത്തുക്കളോട് പറഞ്ഞാണ്യാത്രയായത്.

ഉച്ചക്ക് രണ്ട് മണിയോടെ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിലക്കിടിഗവ.എൽ.പി സ്കൂളിലെത്തിഒരുക്കങ്ങൾ വിലയിരുത്തി. കുടുംബനാഥനെപ്പോലെ ഓടിനടന്നു. വയനാട്ടിലെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലെപ്രമുഖരെല്ലാംലക്കിടിയിലും വസതിയിലുമെത്തി.

അടിത്തട്ടിൽ നിന്ന് മുഖ്യധാരയിലേക്ക്

ആദിവാസി വിഭാഗത്തിലെ കുറുമ സമുദായത്തിൽപെട്ട വസന്തകുമാർ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിയത് കഠിന പ്രയത്നത്തിലൂടെയാണ്.ചെറുപ്പത്തിലേ സൈന്യത്തിൽ ചേരണമെന്ന് ആഗ്രഹിച്ചു. കഷ്ടപ്പെട്ടാണ് അച്ഛൻ വാസുദേവനും അമ്മ ശാന്തയും വസന്തകുമാറിനെപഠിപ്പിച്ചത്. പൂക്കോട്ഡയറിപ്രൊജക്ടിലായിരുന്നുവാസുദേവന് ജോലി. സർക്കാർ വകയായി അഞ്ചേക്കർ ഭൂമിയും ലഭിച്ചു. അതിൽ നന്നായി അദ്ധ്വാനിക്കാൻ വസന്തകുമാറും ഉണ്ടായിരുന്നു. എട്ട് വർഷം മുമ്പ് അച്ഛൻ മരിച്ചതോടെ കുടുംബഭാരം വസന്തകുമാറിലായി. രണ്ട് വർഷം കൂടിസൈന്യത്തിൽസേവനം അനുഷ്ഠിക്കുക എന്നത് വാശിയായിരുന്നു. 20 വർഷം തികയ്ക്കാമല്ലോയെന്ന് കരുതി. നാട്ടിൽതിരിച്ചെത്തി കൃഷിചെയ്ത്ജീവിക്കാംഎന്നായിരുന്നു തീരുമാനം.

വീരമൃത്യു വരിച്ച ജവാൻ വസന്ത കുമാറിന്റെ മൃദദേഹത്തിന് മുൻപിൽ വിലപിക്കുന്ന അമ്മ ശാന്ത

ദൈവപ്പുരയിൽ അന്ത്യകർമ്മങ്ങൾ

കൽപ്പറ്റ: രാത്രി എട്ടരയോടെ തൃക്കൈപ്പറ്റയിലെ കുടുംബ വീട്ടിൽ എത്തിച്ച ഭൗതികശരീരം സമുദായആചാരപ്രകാരംദൈവപ്പുരയിൽ കിടത്തി കർമ്മങ്ങൾ നടത്തി. ഭൗതീക ശരീരത്തിൽ ബന്ധുക്കൾ വെള്ളം തളിച്ച് അന്ത്യാഞ്ജലിഅർപ്പിച്ചു. കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം, സംസ്ഥാന മന്ത്രിമാരായ എ.കെ. ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, എം.എൽ.എമാരായ സി.കെ.ശശീന്ദ്രൻ, ഐ.സി. ബാലകൃഷ്ണൻ, ഒ.ആർ. കേളു തുടങ്ങി രാഷ്ട്രീയ സാമൂഹ്യസാംസ്കാരികരംഗങ്ങളിലെ പ്രമുഖർ അന്ത്യോപചാരം അർപ്പിച്ചു. അച്ഛന്റെ വീടായ വാഴക്കണ്ടി തറവാട്ടിലും നൂറ് കണക്കിന് ആളുകൾ എത്തിയിരുന്നു. ഇതിനുശേഷമാണ് അടുത്തുള്ള കുടുംബ ശ്മശാനത്തിൽ സി. ആർ.പി. എഫിന്റെയും കേരള പൊലീസിന്റെയും ഔദ്യോഗിക ബഹുമതികളോടെ മൃതദേഹം അടക്കംചെയ്തത്.

വസന്തകുമാറിന്റെ ഭൗതികദേഹം പൊതുദർശനത്തിന് വച്ചപ്പോൾ ഗാർഡ് ഓഫ് ഓണർ നൽകുന്നു

എൽ.ഡി.എഫ് വടക്കൻ മേഖലായാത്രയ്ക്ക് ഉജ്ജ്വല തുടക്കം

കാസർകോട്: സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ നയിക്കുന്ന ഇടതുമുന്നണിയുടെ വടക്കൻ മേഖലാ കേരള സംരക്ഷണ യാത്രയ്ക്ക് ഉപ്പളയിൽ ഉജ്ജ്വല തുടക്കം. ഇന്നലെ വൈകിട്ട് തുളനാട്ടിൽ നിന്നാരംഭിച്ച യാത്ര സി.പി.എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി ഉദ്ഘാടനം ചെയ്തു.

ജനഹിതം പൂർണമായും എതിരായ മോദി സർക്കാരിനെ ജനങ്ങൾ തുരത്തുമെന്ന് യെച്ചൂരി പറഞ്ഞു. ദരിദ്രരെയും കർഷകരെയും തൊഴിലാളികളെയും പാവങ്ങളെയും മറന്ന മോദി ഫെഡറൽ സംവിധാനം തകർക്കുകയാണ്. ജനങ്ങളെ വർഗീയമായി വിഭജിക്കുന്ന കേന്ദ്ര സർക്കാരിനും ആർ.എസ്.എസിനും തിരഞ്ഞെടുപ്പിൽ വോട്ടർമാർ ചുട്ടമറുപടി നൽകുമെന്നും മോദിയും അമിത്ഷായുമടങ്ങുന്ന കൗരവപ്പടയെ തുരത്താൻ ജനങ്ങൾ ഒരുങ്ങിക്കഴിഞ്ഞെന്നും അദ്ദേഹം പറഞ്ഞു.

എൽ.ഡി.എഫ്സർക്കാരിന്റെ വികസനപ്രവർത്തനങ്ങൾഅട്ടിമറിക്കാൻ ബി.ജെ.പിയും കോൺഗ്രസും ഒത്തുകളിക്കുകയാണെന്ന്ജാഥാ ലീഡർ സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ പറഞ്ഞു. ബി.ജെ.പിയെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്ന യു.ഡി.എഫ്സർക്കാരിന്റെഭരണനേട്ടങ്ങൾ വിശകലനം ചെയ്യാൻ പോലും തയ്യാറാകുന്നില്ല. വർഗീയത വളർത്തി ജനങ്ങളെ ഭിന്നിപ്പിക്കുന്ന മതനിരപേക്ഷതയും ജനാധിപത്യവും തകർക്കുന്ന കേന്ദ്രസർക്കാരിനെതിരെ ജനാഭിപ്രായം ഉയർത്തികൊണ്ടുവരുമെന്നും കാനം പറഞ്ഞു.

കാസർകോട് ഉപ്പളയിൽ നടന്ന എൽ.ഡി.എഫ് വടക്കൻ മേഖല കേരള സംരക്ഷണയാത്രയുടെ ഉദ്ഘാടന ചടങ്ങിൽ നിന്ന്

പുൽവാമയിലെഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട വയനാട് സ്വദേശിയായ വസന്തകുമാർ അടക്കമുള്ള ധീരജവാന്മാർക്ക്ആദരാഞ്ജലിഅർപ്പിച്ചാണ് ചടങ്ങ്തുടങ്ങിയത്. വേദിക്ക്മുന്നിലെവസന്തകുമാറിന്റെ ഛായാചിത്രത്തിൽപുഷ്പാർച്ചന നടത്തിയ ശേഷമാണ് യെച്ചൂരിയും കാനവും വേദിയിലേക്ക്കയറിയത്. സംഘാടക സമിതി ചെയർമാൻ ബി.വി. രാജൻ അദ്ധ്യക്ഷത വഹിച്ചു. എൽ.ഡി.എഫ് കൺവീനർ എ. വിജയരാഘവൻ, മന്ത്രി ഇ. ചന്ദ്രശേഖരൻ, പി. കരുണാകരൻ എം.പി, പന്ന്യൻ രവീന്ദ്രൻ, സത്യൻ മൊകേരി, ടി.പി. പീതാംബരൻ, ബി. ഹംസ ഹാജി, കെ. പി. മോഹനൻ, വി.കെ. കുഞ്ഞിരാമൻ, ഫ്രാൻസിസ്ജോർജ്, എം. പി. പോളി എന്നിവരും ജാഥയിലെ സ്ഥിരാംഗങ്ങളും പ്രസംഗിച്ചു. സംഘാടക സമിതി ജനറൽ കൺവീനർ ഡോ. വി.പി.പി. മുസ്തഫ സ്വാഗതം പറഞ്ഞു. ഉദ്ഘാടനത്തിന്ശേഷം വൈകിട്ട്അഞ്ചിന് കാസർകോട്പുതിയബസ്സ്റ്റാൻഡ്പരിസരത്ത്യാത്രയ്ക്ക്സ്വീകരണം നൽകി. ഇന്നുരാവിലെ 10ന് ഉദുമ ചട്ടഞ്ചാലിലും, വൈകിട്ട്മുന്നിന് കാഞ്ഞങ്ങാട് നോർത്ത് കോട്ടച്ചേരിയിലും തൃക്കരിപ്പൂർ കാലിക്കടവിലുമാണ് സ്വീകരണം.

ഭീകരാക്രമണം രാഷ്ട്രീയ മുതലെടുപ്പിന് ഉപയോഗിച്ചാൽ തിരിച്ചടിക്കും: യെച്ചൂരി

കാസർകോട്: കശ്മീരിലെ ഭീകരാക്രമണം കേന്ദ്രസർക്കാർ രാഷ്ട്രീയമുതലെടുപ്പിന് ഉപയോഗിച്ചാൽ ജനങ്ങൾ തിരിച്ചടിക്കുമെന്ന് സി.പി.എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി പറഞ്ഞു. എൽ.ഡി.എഫിന്റെ കേരള സംരക്ഷണ യാത്ര ഉദ്ഘാടനം ചെയ്യാനെത്തിയ യെച്ചൂരി മഞ്ചേശ്വരത്ത് വാർത്താസമ്മേളത്തിൽ സംസാരിക്കുകയായിരുന്നു.

ഭീകരാക്രമണം രാജ്യത്തിനെതിരെയുള്ള ആക്രമണമാണ്. ഭീകരർക്കെതിരെയുള്ള നടപടിക്ക് സർവകക്ഷി യോഗം കേന്ദ്ര സർക്കാരിന് പിന്തുണ ഉറപ്പുനൽകിയിട്ടുണ്ട്. ഈ ഉറപ്പ് തെറ്റായവഴിക്ക്ഉപയോഗിക്കരുത്. ജനങ്ങളെ ഭിന്നിപ്പിച്ച് അശാന്തിയും അസ്വാസ്ഥ്യവും ഉണ്ടാക്കാൻ ലക്ഷ്യമിടുന്ന ഭീകരരുടെ കെണിയിൽ വീഴുന്ന തരത്തിലാകരുത് ഭരണകൂടത്തിന്റെ പ്രതികരണം.

ബി.ജെ.പി സർക്കാരിനെ പുറത്താക്കി രാജ്യത്ത് ബദൽ മതേതര സർക്കാർ രൂപീകരിക്കാനുള്ള പ്രവർത്തനവുമായാണ് ഇടതുപക്ഷം മുന്നോട്ട് പോകുന്നത്. തിരഞ്ഞെടുപ്പിന്ശേഷം ഇത് സാധ്യമാകും.

ബി. ജെ. പി വിരുദ്ധ വോട്ടുകൾ ഏകീകരിക്കാനാണ് ശ്രമിക്കുന്നത്. പശ്ചിമബംഗാളിൽ കോൺഗ്രസുമായി സി. പി. എമ്മിന് ധാരണയില്ലെന്നും യെച്ചൂരി പറഞ്ഞു.

കേന്ദ്ര കമ്മിറ്റി അംഗം പി. കരുണാകരൻ എം. പി, ജില്ലാ സെക്രട്ടറി എം. വി. ബാലകൃഷ്ണൻ, സംസ്ഥാന കമ്മിറ്റി അംഗം സി.എച്ച് കുഞ്ഞമ്പു എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

പെന്നപുറത്ത് ബാലകൃഷ്ണൻ നിര്യാതനായി

കോഴിക്കോട് : മലബാറിൽ എസ്.എൻ.ഡി.പി യോഗം പടുത്തുയർത്തുന്നതിൽ നിർണായക പങ്ക് വഹിച്ചവരിൽ പ്രമുഖനായ പെന്നപുറത്ത് ബാലകൃഷ്ണൻ (80) നിര്യാതനായി. കോഴിക്കോട് എസ്.എൻ.ഡി.പി യൂണിയൻ മുൻ സെക്രട്ടറിയും എസ്.എൻ.ഡി.പി യോഗം ഡയറക്ടർ ബോർഡ് അംഗവും യോഗം കൗൺസിലറുമാണ്. പരേതനായ പെന്നപുറത്ത്ഇമ്പിച്ചി-മാധവി ദമ്പതികളുടെ മകനാണ്.

ഭാര്യ : രത്നാവതി. മക്കൾ : ഭവിഷ്, ബിദോഷ്, ബിജ്‌ലി. മരുമക്കൾ : പ്രമോദ്, അനു. സഹോദരങ്ങൾ: ഭാരതി, ശുഭാദേവി, പരേതരായ പെന്നപുറത്ത് അശോകൻ, നടരാജൻ. സംസ്കാരം ഇന്നലെ രാവിലെ 11ന് മാവൂർ റോഡ് ശ്മശാനത്തിൽ നടന്നു.

ജില്ലയിൽ എസ്.എൻ.ഡി.പി യോഗം കെട്ടിപ്പടുക്കാൻ ത്യാഗപൂർണമായ പ്രവർത്തനം നടത്തിയ പെന്നപുറത്ത് ബാലകൃഷ്ണന്റെ നിര്യാണം ശ്രീനാരായണ പ്രസ്ഥാനങ്ങൾക്ക് നികത്താനാവാത്ത നഷ്ടമാണെന്ന് ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു. വെള്ളാപ്പള്ളിക്ക് വേണ്ടി കോഴിക്കോട് യൂണിയൻ സെക്രട്ടറി സി. സുധീഷ് മൃതദേഹത്തിൽ പുഷ്പചക്രം അർപ്പിച്ചു.